**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** **28-06-2022 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ചതും എന്നാൽ പി.ഡബ്ല്യൂ.ഡി വകുപ്പ് ഏറ്റെടുക്കാത്തതുമായ പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണം നടത്തുന്നതിനായി ഭരണാനുമതി ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇത്തരത്തിലുള്ളതായ വെള്ളത്തുവൽ-ശല്യാംമ്പാറ റോഡുമായി ബന്ധപ്പെട്ട അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ വെള്ളത്തുവൽ-ശല്യാംമ്പാറ റോഡ് BM & BC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള ബഹു. എം.എൽ.എ യുടെ അപേക്ഷ ധനവകുപ്പ് I&PWB1/136/2022 ഫയലിൽ പരിശോധിക്കുകയും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടോക്കൺ പ്രൊവിഷൻ മാത്രമുള്ള പ്രവൃത്തിയായതിനാൽ തൽക്കാലം അനുവദിക്കാൻ കഴിയില്ല എന്ന വിവരം ബഹു. എം.എൽ.എ യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിനു നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ